പ്രതികരണം

റഷീദ് പാവറട്ടി

# ഇഫ്ത്വാറുകളിൽ സംഭവിക്കേണ്ടത്

**പ്രവാചകൻ** മുഹമ്മദ് നബി (സ) തന്റെ അനുചരന്മാരോട് ഇപ്രകാരം പറഞ്ഞു: "നിങ്ങളിൽ ആരെങ്കിലും ഒരു നോമ്പുകാരനെ നോമ്പു തുറപ്പിച്ചാൽ അത് അവന്റെ പാപമോചനത്തിനും നരകമോചനത്തിനും കാരണമായിത്തീരും. നോമ്പുകാരന് ലഭിക്കുന്ന അതേ പ്രതിഫലം നോമ്പു തുറപ്പിക്കുന്നവനും അല്ലാഹു നൽകും. എന്നാൽ നോമ്പുകാരന്റെ പ്രതിഫലത്തിൽ നിന്ന് ഒരൽപം പോലും അല്ലാഹു കുറക്കുകയുമില്ല." അപ്പോൾ പ്രവാചകന്റെ ചില അനുചരന്മാർ വിലപിച്ചു: "അല്ലാഹുവിന്റെ ദൂതരേ, ഞങ്ങളിലാർക്കും മറ്റൊരാളെ നോമ്പു തുറപ്പിക്കാനുള്ള ശേഷിയില്ലല്ലോ." അപ്പോൾ നബി(സ): "നിങ്ങൾ വിഷമിക്കേണ്ടതില്ല. ഒരൽപം പാലോ ഒരു കാരക്ക ചീളോ അതുമല്ലെങ്കിൽ ഒരിറക്ക് പച്ച വെള്ളമെങ്കിലുമോ കൊടുത്ത് നിങ്ങൾ നിങ്ങളുടെ സഹോദരനെ നോമ്പു തുറപ്പിക്കുക. അല്ലാഹു വാഗ്ദത്തം ചെയ്ത പ്രതിഫലം നിങ്ങൾക്കും ലഭിക്കും."

ഇഫ്ത്വാർ ഇന്ന് സർവ സാധാരണമാണ്. ഗ്രാമങ്ങളിലും പട്ടണങ്ങളിലും മാത്രമല്ല ബഹുരാഷ്ട്രതലങ്ങളിൽ വരെ സംഘടിപ്പിക്കുന്ന ഒരു ആഗോള ചടങ്ങായി അത് മാറിക്കഴിഞ്ഞു. വിഭവ സമൃദ്ധമായ ഭക്ഷണമൊരുക്കി തീൻമേശക്ക് ചുറ്റുമിരുന്ന് കളിതമാശയും പറഞ്ഞ് വയറ് പൊട്ടുമാറ് ആഹരിച്ചതിനുശേഷം കൈ കുലുക്കി പിരിഞ്ഞുപോകുന്ന യോഗങ്ങളാവരുത് ഇഫ്ത്വാർ. മറിച്ച് സ്നേഹ സാഹോദര്യത്തിന്റെ സമൃദ്ധ ഭാവങ്ങൾ സമ്മേളിക്കുന്ന മത സൗഹാർദ്ദത്തിന്റെ സന്മാർഗ സദസ്സുകളാവണം. ഇതര മതസ്ഥർപോലും ഇഫ്ത്വാറുകൾ ഒരുക്കി സൗഹൃദം പങ്കുവെക്കുന്നത് കാണാൻ കഴിയും. ഇത് ഏറെ സന്തോഷദായകവും സ്വാഗതാർഹവുമാണ്. അതുപോലെതന്നെ നോമ്പു തുറപ്പിക്കുന്നവനും നോമ്പിന്റെ ചൈതന്യവും നിർവൃതിയും അനുഭവിച്ചറിയാൻ സാധിക്കണം. അപ്പോഴാണ് താൻ ചെയ്യുന്ന പ്രവൃത്തിയുടെ മഹത്വമെന്തെന്നറിയാൻ കഴിയുക. അതിന് ജാതി-മത ഭേദമന്യേ നോമ്പുകാരനെപോലെ ഇഫ്ത്വാർ ആസ്വാദിക്കാൻ എത്തുന്നവരും ആ ദിവസം നോമ്പ് അനുഷ്ഠിക്കട്ടെ. അതുവഴി വിശപ്പിന്റെ വിലയെന്തെന്നും പച്ചവെള്ളത്തിന്റെ രുചി എന്തെന്നും അവർക്ക് മനസ്സിലാക്കാൻ സാധിക്കും. പട്ടിണി മരണങ്ങളുടെ പത്രവാർത്തകൾ ലാഘവത്തോടുകൂടി വായിച്ചുതള്ളാൻ പിന്നീട് അവർക്ക് സാധിക്കുകയില്ല. തന്റെ അയൽക്കാരൻ പട്ടിണി കിടക്കുമ്പോൾ വയറു നിറച്ച് ആഹരിക്കുന്നവൻ നമ്മിൽപെട്ടവനല്ല എന്ന പ്രവാചകാധ്യാപനത്തിന്റെ മഹത്വവും അപ്പോൾ തിരിച്ചറിയാം.

ഇഫ്ത്വാറുകൾ ലളിതമാകണം. അത് ഭക്ഷ്യമേളകളാവരുത്. വീടുകളിലെ നോമ്പ് തുറകളിലും മിതത്വം പാലിക്കണം. കഴിഞ്ഞ 11 മാസങ്ങളിൽ എന്തായി

> വിഭവ സമൃദ്ധമായ ഭക്ഷണമൊരുക്കി തീൻമേശക്ക് ചുറ്റുമിരുന്ന് കളിതമാശയും പറഞ്ഞ് വയറ് പൊട്ടുമാറ് ആഹരിച്ചതിനുശേഷം കൈ കുലുക്കി പിരിഞ്ഞുപോകുന്ന യോഗങ്ങളാവരുത് ഇഫ്ത്വാർ. മറിച്ച് സ്നേഹ സാഹോദര്യത്തിന്റെ സമൃദ്ധ ഭാവങ്ങൾ സമ്മേളിക്കുന്ന മത സൗഹാർദ്ദത്തിന്റെ സന്മാർഗ സദസ്സുകളാവണം.

രുന്നുവോ നമ്മുടെ ഭക്ഷണം അതുതന്നെ നോമ്പുതുറക്കാനും തെരഞ്ഞെടുക്കുന്ന താണ് ഉത്തമം. ഇസ്‌ലാമിന്റെ ആവിർഭാവ കാലത്ത് വിവിധ ഭരണകർത്താക്കൾക്ക് ഇസ്‌ലാമിനെ പരിചയപ്പെടുത്തി കത്തു കൾ അയക്കുകയും ഇസ്‌ലാം സ്വീകരിച്ച് മോക്ഷം പ്രാപിക്കണമെന്ന് അഭ്യർഥിക്കു കയും ചെയ്തിരുന്നു പ്രവാചകൻ. ഈ സന്ദേശത്തിൽ ആകൃഷ്ടനായ ഈജി പ്തിലെ 'മുകൗഖിസ്' രാജാവ് പ്രവാച കന് ധാരാളം പാരിതോഷികങ്ങൾ കൊടു ത്തയച്ചു. ഒപ്പം തന്റെ കൊട്ടാരം വൈദ്യ ന്മാരിൽ ഒരാളെയും പറഞ്ഞയച്ചു. നാളുക ളേറെ കഴിഞ്ഞിട്ടും പ്രവാചക സമൂഹ ത്തിൽനിന്ന് ഒരാളും ചികിത്സ തേടി വൈദ്യനെ സമീപിച്ചില്ല. കാരണം തിരക്കി തന്നെ സമീപിച്ചപ്പോൾ നബി(സ) അദ്ദേ ഹത്തോട് പറഞ്ഞു: "വിശക്കാതെ ഞ ങ്ങൾ ആരും ഭക്ഷണം കഴിക്കാറില്ല. കഴി ക്കുന്നുവെങ്കിലോ വയറു നിറക്കാറുമില്ല." വയറിന്റെ മൂന്നിൽ ഒരു ഭാഗം ഒഴിച്ചിടണ മെന്നാണ് പ്രവാചകൻ പഠിപ്പിക്കുന്നത്.

ഇഫ്ത്വാർ വ്യാപാരവൽക്കരിക്ക പ്പെട്ടു എന്നതും ഖേദകരമാണ്. തട്ടുകട കൾ മുതൽ സ്റ്റാർ ഹോട്ടലുകൾ വരെ ഇഫ്ത്വാറുകൾ നടത്തുന്നു. 500 രൂപയും അതിൽ കൂടുതലും ഈടാക്കിക്കൊണ്ടാണ് ശീതീകരിച്ച മുറികളിലെ അരണ്ട വെളി ച്ചത്തിൽ നേർത്ത സംഗീതത്തിന്റെ അക മ്പടിയോടെ ചില വരേണ്യവർഗങ്ങൾ ഇഫ്ത്വാർ നടത്തുന്നത്. യഥാർഥത്തിൽ അവർ ഇഫ്ത്വാർ ആഘോഷിക്കുകയാണ്. ഇഫ്ത്വാർ സദസ്സുകളിൽ പള്ളിമിനാരങ്ങ ളിൽ നിന്ന് ബാങ്കൊലികൾക്കായി കാതോ ർത്തിരിക്കുന്ന നോമ്പുകാരന് ആത്മനി ർവൃതിയുടെ ധന്യ നിമിഷത്തിന്റെ ശാ ന്തത നഷ്ടപ്പെടുത്തുന്ന തുടരെ തുടരെ എത്തുന്ന മൊബൈൽ ഫോൺ മണിനാ ദങ്ങളും സിനിമാഗാനങ്ങളും അനാവശ്യ ഭാഷണങ്ങളും കേൾക്കാത്ത ഇഫ്ത്വാറു കൾ ഉണ്ടാകട്ടെ. പ്രാർഥനകൾക്ക് ഉത്തരം കിട്ടുന്ന സമയങ്ങൾ നിശ്ശബ്ദവും ഭക്തി പൂർണവുമാകണം. ദൈവ സ്തോത്രങ്ങ ളും സ്മരണകളും മാത്രം ഉയരേണ്ട മഹ ത്തരമായ സദസ്സുകളിലാണ് നാം എന്ന ബോധം ഇഫ്ത്വാറുകളിൽ സന്നിഹിതരാ കുന്നവർക്ക് ഉണ്ടാവേണ്ടതുണ്ട്.

ഇഫ്ത്വാർ വേദികൾ മാതൃകയാ വണം. പണക്കാരന്റെയോ നേതാവിന്റെ യോ സ്ഥാനമാനങ്ങളും പ്രൗഢിയും സ്വാ ധീനവും മറ്റുള്ളവരെ ബോധ്യപ്പെടുത്തു ന്ന പ്രദർശന വേദികളാവരുത്. അത് സഹനവും ക്ഷമയും സ്നേഹസാഹോദ ര്യവും അടുത്തറിയലാവണം. പരസ്പര വിട്ടുവീഴ്ചകളിലൂടെയും പൊരുത്തപ്പെട ലുകളിലൂടെയും വിഘടിച്ച മനസ്സുകൾ ഐക്യപ്പെടണം. അപരനെ മാനിക്കാനും അവന്റെ മതത്തെയും സംസ്കാരത്തെ യും അംഗീകരിക്കാനും അവന്റെ ആരാ ധനകൾക്ക് സൗകര്യം ചെയ്തുകൊടുക്കാ നും ശീലിക്കണം. അതുവഴി നൂറ്റാണ്ടുക ളായി ഭാരതം മുറുകെ പിടിച്ചുപോരുന്ന സഹിഷ്ണുതയും മതേതരത്വവും കാത്തു സൂക്ഷിക്കാനും ഇഫ്ത്വാർ സംഘടിപ്പിക്കു ന്നതിലൂടെ സാധിക്കേണ്ടതുണ്ട്. ■